## ഏഴ്
## ലജ്ജ.

“എടാ, നാണം കെട്ടവനേ” എന്ന് ചിലർ ചിലരെ വിളിക്കുന്നത് കേട്ടിട്ടില്ലേ? കാരണം, അവർ ചെയ്യുന്നത് മാന്യമല്ലാത്ത കാര്യങ്ങളാകാം. “നിനക്ക് നാണമില്ലെങ്കിൽ ഇഷ്ടമുള്ളതെല്ലാം ചെയ്തോളൂ” എന്ന് പ്രവാചകൻ മുഹമ്മദ്(സ) ഒരിക്കൽ പറഞ്ഞു.

നാല്ക്കാലികളെ കണ്ടിട്ടില്ലേ? അവ നാണം നോക്കിയിട്ടല്ലല്ലോ എന്തെങ്കിലും ചെയ്യുന്നത്. എന്ത് തോന്നിയോ ഉടനെ അത് ചെയ്യും. അത്ര തന്നെ.

മനുഷ്യർ അങ്ങനെയല്ല. മൃഗങ്ങളിൽനിന്ന് മനുഷ്യനെ വേർതിരിക്കുന്ന കുറേ കാര്യങ്ങളുണ്ട്. അവയിൽ പ്രധാനമാണ് ലജ്ജ. അഥവാ നാണം. നാണമില്ലാതെ കാര്യങ്ങൾ ചെയ്യുന്നതിൽ മൃഗങ്ങളും പിശാചും ഒരുപോലെയാണ്. തന്റെ കൂട്ടുകാർ നോക്കിനില്ക്കെ പിശാച് തോന്നിയ തെല്ലാം ചെയ്യും. മാത്രവുമല്ല, ദുഃസ്വഭാവികളായ ആളുകളെക്കൊണ്ട് അവൻ അത്തരം കാര്യ ങ്ങൾ ചെയ്യിപ്പിക്കുകയും ചെയ്യും. ആളുകളെക്കൊണ്ട് പൊതുസ്ഥലത്ത് വെച്ച് തെറ്റ് ചെയ്യിപ്പി ക്കുകയും മോശക്കാരനാക്കുകയും ദൈവകോപത്തിന് ഇടയാക്കുകയുമാണ് പിശാചിന്റെ പണി.

നാം ചെയ്യുന്ന കാര്യം ആരും കാണുന്നില്ലെങ്കിലും മുകളിൽ ഇരിക്കുന്ന നമ്മുടെ സ്രഷ്ടാവ് അത് കാണുന്നുണ്ട് എന്ന ബോധം നമുക്ക് വേണം. ആളുകൾ കാണാൻ പറ്റാത്തതൊന്നും ആളുകൾ ഇല്ലാത്തപ്പോഴും ചെയ്യരുത്. നമ്മുടെ സ്വന്തം റൂമിൽ വെച്ച് ഡ്രസ്സ് മാറുമ്പോൾ പോലും മാന്യത സൂക്ഷിക്കണം. കാരണം, ദൈവം നമ്മെ നോക്കിക്കൊണ്ടിരിക്കുന്നുണ്ട്.

കള്ളം പറയുന്നതും മോഷ്ടിക്കുന്നതും അസഭ്യം പറയുന്നതും വൃത്തികേടുകൾ ചെയ്യുന്നതു മൊക്കെ നാണം കെട്ട കാര്യങ്ങളാണ്. അതൊരിക്കലും ദൈവം ഇഷ്ടപ്പെടുകയില്ല. അവന് ഇഷ്ടമില്ലാത്തതൊന്നും നാം ചെയ്യരുത്.ഏത് കാര്യം ചെയ്യുമ്പോഴും നാം അവനെ ഓർക്കുകയത്രെ അതിനുള്ള വഴി.